REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 14-03-2025 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- **നിറങ്ങളുടെ ഉത്സവമായ ഹോളി ഇന്ന് ആഘോഷിക്കുന്നു.**
- **സാങ്കേതിക ശാസ്ത്രത്തിന്റേയും സംസ്കാരത്തിന്റേയും പുതിയ തലങ്ങളിലൂടെ ലോകം കടന്നുപോകുകയാണെന്ന് കേന്ദ്രമന്ത്രി ഡോ. S ജയശങ്കർ.**
- **മുണ്ടക്കൈ-ചൂരൽമല പുനരധിവാസ പദ്ധതിയുടെ സമ്മതപത്രത്തിലെ സറണ്ടർ വ്യവസ്ഥയിൽ മാറ്റം വരുത്തിയതായി മന്ത്രി K. രാജൻ.**
- **വിദ്യാർത്ഥികൾക്കിടയിലെ ലഹരിവ്യാപനം തടയാൻ എക്സൈസ് ആരംഭിച്ച ഓപ്പറേഷൻ ക്ലീൻ സ്ലേറ്റ് ക്യാമ്പയിൽ ഒരാഴ്ച കൂടി നീട്ടി.**
- **വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റ് എലിമിനേറ്ററിൽ മുംബൈ ഇന്ത്യൻസിന് ജയം.**

## വാർത്തകൾ വിശദമായി

നിറങ്ങളുടെ ഉത്സവമായ ഹോളി ഇന്ന് ആഘോഷിക്കുന്നു. കേരളത്തിൽ ഗുജറാത്തി സമൂഹവും ഉത്തരേന്ത്യൻ സമൂഹവും ഹോളി ആഘോഷങ്ങളിൽ പങ്കു ചേരും.

രാഷ്ട്രപതിയും ഉപരാഷ്ട്രപതിയും പ്രധാനമന്ത്രിയും ജനങ്ങൾക്ക് ഹോളി ആശംസകൾ നേർന്നു.

ഹോളി ഐക്യത്തിന്റെയും സാഹോദര്യത്തിന്റെയും ചൈതന്യത്തെ പ്രോത്സാഹിപ്പിക്കുന്നതായി രാഷ്ട്രപതി ദ്രൗപതി മുർമു പറഞ്ഞു. പുതിയ തുടക്കങ്ങളെയാണ് ഹോളി പ്രതിനിധീകരിക്കുന്നതെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖർ ആശംസാ സന്ദേശത്തിൽ പറഞ്ഞു.

സന്തോഷവും ആനന്ദവും നിറഞ്ഞ ഹോളി എല്ലാവരുടെയും ജീവിതത്തിൽ പുതിയ ഊർജ്ജം നിറയ്ക്കുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി സോഷ്യൽ മീഡിയ പോസ്റ്റിൽ ആശംസിച്ചു.

✪✪✪

ഹോളി ആഘോഷമാണെങ്കിലും നാളത്തെ CBSE പന്ത്രണ്ടാം ക്ലാസ് പരീക്ഷയിൽ മാറ്റമില്ലെന്ന് അധികൃതർ അറിയിച്ചു.

✪✪✪

സാങ്കേതിക ശാസ്ത്രത്തിന്റേയും സംസ്കാരത്തിന്റേയും പുതിയ തലങ്ങളിലൂടെ ലോകം കടന്നുപോകുകയാണെന്ന് കേന്ദ്രമന്ത്രി ഡോ. S ജയശങ്കർ അഭിപ്രായപ്പെട്ടു. സമ്പത്തിക - രാഷ്ട്രീയ മേഖലകളിലെ മാറ്റങ്ങളുടെ തുടർച്ചയാണിതെന്ന് അദ്ദേഹം പറഞ്ഞു. ലോക ദൃശ്യ-ശ്രവ്യ വിനോദ ഉച്ചകോടി - വേവ്സ് -ന്റെ ഭാഗമായി ന്യൂഡൽഹിയിൽ സംഘടിപ്പിച്ച പരിപാടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പാരമ്പര്യവും സാങ്കേതികതയും കൂട്ടിച്ചേർത്ത ആഗോള കഥാവതരണത്തിന്റെ ഉള്ളടക്ക വിപ്ലവത്തിൽ ഇന്ത്യയുടെ നേട്ടം അദ്ദേഹം എടുത്തുപറഞ്ഞു.

ജീവിതത്തിന്റെ വിവിധ മേഖലകളിലെ പുതു തലമുറയ്ക്ക് മൂല്യവത്തായ പുതിയ വേദിയൊരുക്കുകയാണ് വേവ്സ്-ന്റെ അടിസ്ഥാന ലക്ഷ്യമെന്ന് ചടങ്ങിൽ കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് അറിയിച്ചു. മാധ്യമ - വിനോദ മേഖകളിൽ ആഗോള വേദിയായി മാറാൻ വേവ്സിന് കഴിയുമെന്ന് കേന്ദ്ര സഹമന്ത്രി ഡോ. L മുരുകനും അഭിപ്രായപ്പെട്ടു. മെയ് മാസത്തിൽ മുംബൈയിലാണ് വേവ്സ് ഉച്ചകോടി സംഘടിപ്പിച്ചിരിക്കുന്നത്.

✪✪✪

മുണ്ടക്കൈ-ചൂരൽമല പുനരധിവാസ പദ്ധതിയുടെ സമ്മതപത്രത്തിൽ ദുരന്തബാധിതമേഖലയിലെ ഭൂമിയും വീടും സ്ഥാപനങ്ങളും മറ്റു ചമയങ്ങളും സറണ്ടർ ചെയ്യണമെന്ന വ്യവസ്ഥയിൽ മാറ്റം വരുത്തിയതായി മന്ത്രി K. രാജൻ അറിയിച്ചു. വീട് മാത്രം സറണ്ടർ ചെയ്താൽ മതിയെന്ന് സമ്മതപത്രത്തിലും അനുബന്ധ ഫോമുകളിലും രേഖപ്പെടുത്തിയിട്ടുണ്ട്. കളക്ട്രേറ്റിൽ പുനരധിവാസ പദ്ധതികളുടെ അവലോകന യോഗത്തിൽ പങ്കെടുത്ത ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഉരുൾപൊട്ടൽ ദുരന്ത ബാധിത ഗുണഭോക്താക്കളെ തിരിച്ചറിയാനും ഗവൺമെന്റ് സേവനങ്ങൾ ട്രാക്ക് ചെയ്യാനും സഹായിക്കുന്ന സ്മാർട്ട് കാർഡ് മന്ത്രി ദുരിതബാധിതർക്ക് വിതരണം ചെയ്തു.

✪✪✪

ഭിന്നശേഷിക്കാർക്കായി സ്വയം സഹായ സംഘങ്ങളുടെ ശൃംഖല വികസിപ്പിക്കാൻ ഭിന്നശേഷി വികസന കോർപ്പറേഷന്റെ ശ്രമം അവസാനഘട്ടത്തിലാണെന്ന് മന്ത്രി ഡോ. R ബിന്ദു പറഞ്ഞു. കുടുംബശ്രീ മാതൃകയിലായിരിക്കും പദ്ധതിയുടെ ആവിഷ്കരിക്കരണം.

ഓരോ ഭിന്നശേഷിക്കാർക്കും ഇണങ്ങുന്ന പിന്തുണ സംവിധാനം ഉറപ്പാക്കാനാണ് സാമൂഹ്യനീതി വകുപ്പ് ലക്ഷ്യമിടുന്നതെന്ന് മന്ത്രി കോഴിക്കോട്ട് പറഞ്ഞു. ഭിന്നശേഷിക്കാർക്ക് സഹായ ഉപകരണ വിതരണം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

അൾട്രാവയലറ്റ് വികിരണം ഉയർന്ന തോതിൽ രേഖപ്പെടുത്തിയതിനെ തുടർന്ന് പാലക്കാട് ജില്ലയിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ജാഗ്രത നിർദ്ദേശം നൽകി.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി ഫൈസൽ അലി മുത്ത്.

......വോയ്സ്...........

ജില്ലയിൽ കഴിഞ്ഞ ദിവസം 11 എന്ന സൂചികയിലാണ് അൾട്രാവയലറ്റ് വികിരണ തോത് രേഖപ്പെടുത്തിയത്. ഇത് ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകുമെന്നതിനാലാണ് ജാഗ്രതാ നിർദ്ദേശം നൽകിയിരിക്കുന്നത്.

പകൽ 10 മണി മുതൽ മൂന്ന് മണി വരെ ഉയർന്ന അൾട്രാവയലറ്റ് സൂചിക രേഖപ്പെടുത്തുന്ന സമയങ്ങളിൽ കൂടുതൽ നേരം ശരീരത്തിൽ സൂര്യപ്രകാശം ഏൽക്കുന്നത് ഒഴിവാക്കണമെന്നാണ് നിർദ്ദേശം.

രോഗികളും രോഗ പ്രതിരോധ ശേഷി കുറഞ്ഞവരും പ്രതേകം ശ്രദ്ധിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. വെയിലത്ത് ഇറങ്ങുന്നവർ സുരക്ഷാ മുൻകരുതലുകൾ സ്വീകരിക്കണമെന്നും ദുരന്ത നിവാരണ അതോറിറ്റി അറിയിച്ചിട്ടുണ്ട്.

✪✪✪

വിദ്യാർത്ഥികൾക്കിടയിലെ ലഹരിവ്യാപനം തടയാൻ എക്സൈസ് ആരംഭിച്ച ഓപ്പറേഷൻ ക്ലീൻ സ്ലേറ്റ് ക്യാമ്പയിൻ ഒരാഴ്ച കൂടി നീട്ടി. മുമ്പ് ലഹരി കേസിൽ ഉൾപ്പെട്ട പ്രതികളെ നിരീക്ഷിക്കാനും തുടർച്ചയായി കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവരെ കരുതൽ തടങ്കലിൽ ആക്കാനും ലക്ഷ്യമിട്ടാണ് ക്യാമ്പയിൻ. റെയിൽവേ സ്റ്റേഷനുകളിലും അന്തർസംസ്ഥാന ടൂറിസ്റ്റ് ബസുകളിലും പരിശോധന വരും ദിവസങ്ങളിലും തുടരും.

✪✪✪

കൊച്ചിയിലെ വൈപ്പിൻകരയിലേക്ക് കൂടുതൽ ബസുകൾ ഏർപ്പെടുത്തുമെന്ന് മന്ത്രി KB ഗണേഷ് കുമാർ അറിയിച്ചു. ഗോശ്രീ ബസുകളുടെ നഗരപ്രവേശനം ഫ്ലാഗ് ഓഫ് ചെയ്യുകയായിരുന്നു മന്ത്രി. പത്ത് KSRTC ബസുകളും നാല് സ്വകാര്യ ബസുകളും വൈപ്പിനിൽ നിന്ന് സർവീസ് നടത്തും.

✪✪✪

കോഴിക്കോട് കോർപ്പറേഷനിലെ ചേവരമ്പലം ഹെൽത്ത് ആന്റ് വെൽനസ് സെന്റർ രാവിലെ പ്രവർത്തനം ആരംഭിക്കും. കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ ഉദ്ഘാടനം ചെയ്യും.

✪✪✪

വന്യമൃഗ ശല്യം നിയന്ത്രിക്കുന്നതിന് കൃഷി വകുപ്പ് വനം വകുപ്പുമായി ചേർന്ന് പ്രവർത്തിക്കുമെന്ന് മന്ത്രി P പ്രസാദ് അറിയിച്ചു. കൃഷി വകുപ്പ് ചെക്യാട്, നാദാപുരം പഞ്ചായത്തുകളിൽ നടപ്പാക്കുന്ന കേരഗ്രാമം പദ്ധതിയും സോയിൽ ഹെൽത്ത് കാർഡ് വിതരണവും ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

വനിതാ പ്രീമിയർ ലീഗ് ക്രിക്കറ്റ് എലിമിനേറ്ററിൽ മുംബൈ ഇന്ത്യൻസിന് ജയം. മുംബൈയിലെ ബ്രാബൺ സ്റ്റേഡിയത്തിൽ ഗുജറാത്ത് ജയന്റ്സിനെ 47 റൺസിന് പരാജയപ്പെടുത്തിയാണ് മുംബൈ ഇന്ത്യൻസ് ഫൈനലിൽ പ്രവേശിച്ചത്. നാളെ ഫൈനലിൽ ഡൽഹി ക്യാപിറ്റൽസിനെ മുംബൈ ഇന്ത്യൻസ് നേരിടും. മുംബൈ ബ്രാബൺ സ്റ്റേഡിയത്തിൽ രാത്രി എട്ടിനാണ് മത്സരം.

✪✪✪

ആദിവാസി വിഭാഗത്തിലെ സഹോദരങ്ങളായ മൂന്ന് കുട്ടികൾ സുരക്ഷിതമല്ലാത്ത നിലയിൽ വനമേഖലയോട് ചേർന്ന പുഴയോരത്തെ ഏറുമാടത്തിൽ കഴിയുന്നതായി ഉദ്യോഗസ്ഥർ കണ്ടെത്തി. ഇടുക്കി മാങ്കുളം,

ആനക്കുളത്തിന് സമീപം വല്യപാറക്കുടിയിലാണ് സംഭവം. മാങ്കുളം കുടുംബാരോഗ്യ കേന്ദ്രത്തിലെ ഉദ്യോഗസ്ഥരാണ് കുട്ടികളെ കണ്ടെത്തിയത്.

ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ യുടെ റിപ്പോർട്ട്.

........വോയ്സ്.........

ആരോഗ്യ വകുപ്പ് ജീവനക്കാരെത്തിയ സമയത്ത് 11 വയസുള്ള പെൺകുട്ടിയും ഏഴും ആറും വയസ്സ് പ്രായമുള്ള രണ്ട് ആൺകുട്ടികളും മാത്രമായിരുന്നു ഇവർ താമസിക്കുന്ന ഏറുമാടത്തിൽ ഉണ്ടായിരുന്നത്. പിതാവിനൊപ്പമാണ് ഏറുമാടത്തിൽ കഴിഞ്ഞ് വരുന്നതെന്നും പകൽ സമയം പിതാവ് വനത്തിൽ പോകുകയാണ് ചെയ്യുന്നതെന്നും കുട്ടികൾ പറഞ്ഞു. രാപകൽ വ്യത്യാസമില്ലാതെ കാട്ടാനയുടെ സാന്നിധ്യമുള്ള ഈ പ്രദേശത്ത് പകൽ സമയങ്ങളിൽ കുട്ടികൾ തനിച്ചാണ് കഴിയുന്നത്. സ്കൂളിൽ പോകുന്നില്ലെന്ന് കുട്ടികൾ പറഞ്ഞു. അരിയും ചോറും ഇവരുടെ പക്കൽ ഉണ്ടായിരുന്നെങ്കിലും മറ്റ് ഭക്ഷ്യവസ്തുക്കൾ കുട്ടികൾക്ക് എത്തിച്ച് നൽകി. കുട്ടികളുടെ സുരക്ഷിതത്വവും വിദ്യാഭ്യാസവും ഉറപ്പുവരുത്തുന്നതിനായി ബന്ധപ്പെട്ട വകുപ്പുകൾക്ക് വിവരം കൈമാറിയെന്ന് മാങ്കുളം സി.എച്ച്.സി അധികൃതർ അറിയിച്ചു.

✪✪✪

അന്തരിച്ച ദളിത് ചിന്തകനും എഴുത്തുകാരനും സാമൂഹ്യ പ്രവർത്തകനുമായ KK കൊച്ചിന്റെ സംസ്കാരം ഉച്ചയ്ക്ക് കോട്ടയം കടുത്തുരുത്തിയിലെ വീട്ടുവളപ്പിൽ നടത്തും. കോട്ടയം മെഡിക്കൽ കോളേജിൽ ചികിത്സയിലിരിക്കെ ഇന്നലെയായിരുന്നു അർബുദ ബാധിതനായ KK കൊച്ചിന്റെ അന്ത്യം.

✪✪✪

ശബരിമല സന്നിധാനത്ത് മേൽപ്പാലം ഒഴിവാക്കുന്ന പുതിയ ദർശന രീതിയുടെ ട്രയൽ റൺ ഇന്ന്. മീനമാസ പൂജയ്ക്കായി വൈകിട്ട് അഞ്ചിനാണ് നട തുറക്കുന്നത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട പ്രതിനിധി ശ്രിജി എസ് ശ്രീധർ.

.........വോയ്സ്...........

ഇന്നു വൈകിട്ട് അഞ്ചിനു തന്ത്രി കണ്ഠര് രാജീവരുടെ സാന്നിധ്യത്തിൽ മേൽശാന്തി അരുൺകുമാർ നമ്പൂതിരി നട തുറന്ന് ദീപം തെളിയിക്കും. നട തുറക്കുന്ന ഇന്ന് പൂജകളൊന്നുംതന്നെ ഉണ്ടാവില്ല. മീനം ഒന്നായ നാളെ രാവിലെ

അഞ്ചിനു നട തുറക്കും. നട അടയ്ക്കുന്ന 19 വരെ എല്ലാ ദിവസവും ഉദയാസ്തമയപൂജ, പടിപൂജ, പുഷ്പാഭിഷേകം തുടങ്ങിയ വിശേഷാൽ പൂജകളടക്കം എല്ലാ പൂജകളും നടക്കും. പതിനെട്ടാപടി ചവിട്ടിയെത്തുന്ന തീർഥാടകർക്ക് മേൽപ്പാലം ഒഴിവാക്കി നേരിട്ട് ദർശനം നടത്താൻ സാധിക്കും വിധത്തിലുള്ള പുതിയ ദർശന രീതി പരീക്ഷണാടിസ്ഥാനത്തിൽ ഇന്നു മുതൽ നടപ്പിലാക്കും. കൊടിമരത്തിന്റെ ഇരുവശവും വഴി രണ്ടു വരികളായി ഭക്തരെ കടത്തിവിട്ട് ബലിക്കൽപുര വഴി ശ്രീ കോവിലിന് മുന്നിലേക്ക് പ്രവേശിക്കും വിധമാണ്

✪✪✪

തകഴി സംസ്കാര സമിതിയുടെ തകഴി സാഹിത്യ പുരസ്കാരം എഴുത്തുകാരി KP സുധീരയ്ക്ക്. തകഴിയുടെ ജന്മദിനമായ ഏപ്രിൽ 17ന് ശങ്കരമംഗലം വീട്ടിൽ പുരസ്കാരം സമ്മാനിക്കും.

✪✪✪

വയനാട്ടിന്റെ ദേശീയ ഉത്സവമായ വള്ളിയൂർക്കാവ് മഹോത്സവത്തിന് ഇന്ന് തുടക്കമാകും. ഉത്സവം മാർച്ച് 28 ന് സമാപിക്കും.

വയനാട്ടിലെ ആദിവാസി സമൂഹത്തിന്റെ വലിയ ഒത്തുചേരൽ കൂടിയാണ് ഈ ഉത്സവം.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി അരുൺ വിൻസന്റ്.

......വോയ്സ്...........

✪✪✪

കാസർകോട്ട് 'സമം' സാംസ്കാരികോത്സവത്തിന് ഇന്ന് തുടക്കമാകും. സാംസ്കാരിക സമ്മേളനം നടി ഗായത്രി വർഷ ഉദ്ഘാടനം ചെയ്യും. ഞായറാഴ്ച വരെയാണ് സാംസ്കാരികോത്സവം സംഘടിപ്പിക്കുന്നത്.

✪✪✪

കോഴിക്കോട് ബാലുശ്ശേരിയിൽ ഇന്നലെ രാത്രി ഹോം അപ്ലയൻസ് സ്ഥാപനം പൂർണമായി കത്തി നശിച്ചു. ലക്ഷങ്ങളുടെ നഷ്ടം കണക്കാക്കുന്നു.തീ പിടുത്തതിന്റെ കാരണം വ്യക്തമല്ല.

✪✪✪

പത്തു പേരിൽ കുറവ് ജീവനക്കാർ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ ഉൾപ്പെടുത്തി രൂപീകരിക്കുന്ന ലോക്കൽ കമ്മിറ്റികൾ നിയമാനുസൃതമായും കാര്യക്ഷമമായും പ്രവർത്തിക്കുന്നുണ്ടെന്ന് ജില്ലാ കലക്ടർമാർ ഉറപ്പാക്കണമെന്ന് വനിത കമ്മിഷൻ അധ്യക്ഷ P സതീദേവി ആവശ്യപ്പെട്ടു.

കോഴിക്കോട്ട് ജില്ലാതല സിറ്റിങ്ങിനുശേഷം സംസാരിക്കുകയായിരുന്നു വനിത കമ്മിഷൻ അധ്യക്ഷ.

✪✪✪

*News Editor: വി കെ സുരേഷ്*
*News Reader: അനിൽ ചന്ദ്രൻ*
*News Team: ഫസ്ന ഫാത്തിമ*
*DEO: സുബോധ് സി കെ*